**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി വിഭാഗം**
**ഹൗസിംഗ്ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം - 1**
**Ph 0471 2325323, e-mail:dirvhse@yahoo.com**

C3/1500/2020

തീയ്യതി: 10/10/2020

## സപ്ലിമെന്ററി അലോട്ട്മെന്റിനായുള്ള അപേക്ഷ സമർപ്പണം.
## വിജ്ഞാപനം

സൂചന: G.O.(Rt)No.2361/2020/GEDN Dated,Thiruvananthapuram, 28/07/2020

വി.എച്ച്.എസ്.ഇ മുഖ്യ അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് 2020 ഒക്ടോബർ 14 വൈകുന്നേരം 5.00 മണി വരെ അപേക്ഷിക്കാവുന്നതാണ്. എസ്.എസ്.എൽ.സി സേ പരീക്ഷ പാസ്സായവരെയും ഈ ഘട്ടത്തിലായിരിക്കും പരിഗണിക്കുക. സപ്ലിമെന്ററി അലോട്ട്മെന്റിനായുള്ള വേക്കൻസിയും മറ്റുവിവരങ്ങളും വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുഖ്യ ഘട്ടത്തിൽ അലോട്ട്മെന് ലഭിച്ചിട്ട് പ്രവേശനത്തിന് ഹാജരാകാത്തവർക്കും ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കാം. തെറ്റായ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെട്ടതിനാൽ അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നിരാകരിക്കപ്പെട്ടവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് പരിഗണിക്കുന്നതിനായി അപേക്ഷ പുതുക്കുന്നതിനുള്ള സൗകര്യം അനുവദിച്ചിട്ടുണ്ട്.

**അപേക്ഷയിലെ കാറ്റഗറി രേഖപ്പെടുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക. SSLC മാർക്ക് ലിസ്റ്റിലെ എല്ലാ കാറ്റഗറികളും അപേക്ഷയിലേക്ക് അതുപോലെ പകർത്താൻ സാധിക്കില്ല. ഉദാഹരണത്തിന് ഈഴവ, മുസ്ലിം, മറ്റ് പിന്നോക്ക ഹിന്ദു വിഭാഗങ്ങൾ, പിന്നോക്ക ക്രിസ്ത്യൻ, ലത്തീൻ കത്തോലിക്ക, ധീവര, വിശ്വകർമ, കുശവൻ, കുടുംബി എന്നിവ SSLC യിൽ പൊതുവെ OBC എന്നായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവേശന പ്രക്രിയയിൽ പ്രത്യേക സംവരണാനുകൂല്യങ്ങൾ ഉള്ളതിനാൽ ഇവയോരോന്നും പ്രത്യേക കാറ്റഗറികളായാണ് രേഖപ്പെടുത്തേണ്ടത്.** ഓരോ ജാതിയുടെയും കാറ്റഗറികൾ മനസ്സിലാക്കുന്നതിന് പ്രോസ്പെക്ടസിന്റെ അനുബന്ധം 3 നോക്കുക.

1. മുഖ്യ അലോട്ട് മെന്റിൽ കുട്ടികൾ അപേക്ഷ പുതുക്കുന്നതിനായി ക്യാൻഡിഡേറ്റ് ലോഗിനിലെ **"EDIT/RENEW APPLICATION"** എന്ന ലിങ്കിലൂടെ പുതിയ ഓപ്ഷനുകൾ നൽകി അപേക്ഷ അന്തിമമായി സമർപ്പിക്കണം.

2. **അപേക്ഷകളുടെ പ്രിന്റൗട്ട് നിർബന്ധമായും ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതും, അഡ്മിഷൻ സമയത്ത് സ്കൂളിൽ ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.**

3. ഇതുവരെയും അപേക്ഷ നല്കാൻ കഴിയാത്തവർ വെബ്സൈറ്റിലെ **APPLY ONLINE** എന്ന ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കണം.

4. സപ്ലിമെന്ററി അലോട്ട്മന്റിനായുള്ള അപേക്ഷകൾ 2020 ഒക്ടോബർ 14 വൈകുന്നേരം 5.00 മണി വരെ സമർപ്പിക്കാവുന്നതാണ്.

അപേക്ഷകർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും സ്കൂൾ ഹെൽപ്ഡെസ്കിലൂടെ നല്കാൻ വേണ്ട സജ്ജീകരണങ്ങൾ കോവിഡ് 19 ആരോഗ്യ സുരക്ഷ മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് സ്കൂൾ പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**